GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

20th April 2015

## ഡീ ലിമിറ്റേഷൻ കമ്മീഷൻ ഓഫീസ് പ്രവർത്തനം ആരംഭിച്ചു

സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പുനർവിഭജനത്തിനായുള്ള ഡീ ലിമിറ്റേഷൻ കമ്മീഷന്റെ ഓഫീസ് തിരുവനന്തപുരത്ത് പാളയം എൽ.എം.എസ് കോമ്പൗണ്ടിലെ സി.ഡബ്ല്യു.സി. ബിൽഡിംഗിൽ പ്രവർത്തന മാരംഭിച്ചു. ഓഫീസിന്റെ ഉദ്ഘാടനം കമ്മീഷന്റെ അദ്ധ്യക്ഷൻ കൂടിയായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ നിർവ്വഹിച്ചു. ഡീ ലിമിറ്റേഷൻ കമ്മീഷൻ അംഗങ്ങളായ തദ്ദേശഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജയിംസ് വർഗ്ഗീസ്, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ. ഇളങ്കോവൻ, പൊതുഭരണ വകുപ്പ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഡീ ലിമിറ്റേഷൻ കമ്മീഷന്റെ ഔപചാരിക യോഗവും ഇതോടൊപ്പം നടന്നു. പഞ്ചായത്ത് വകുപ്പ് ജോയിന്റ് ഡയറക്ടർ സി.എൻ. ബാബുവാണ് ഡീ ലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറി. ഓഫീസ് ഫോൺ നമ്പർ 0471- 2720450.

(എസ്.ഇ.സി. 15/2015)

## തദ്ദേശഭരണ തിരഞ്ഞെടുപ്പ്: ചുമതലകൾ സമയബന്ധിതമായി നിർവഹിക്കാൻ നിർദ്ദേശം

വരുന്ന തദ്ദേശഭരണ തിരഞ്ഞെടുപ്പിന്റെ നിർവഹണ ഉദ്യോഗസ്ഥർ ബന്ധപ്പെട്ട ചുമതലകൾ സമയബന്ധിത മായി നിർവഹിക്കുവാൻ ജാഗ്രത പുലർത്തണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ നിർദ്ദേശിച്ചു. കളക്ടറേറ്റുകളിലെ ഇലക്ഷൻ വിഭാഗം ഉദ്യോഗസ്ഥരുമായി തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ സംബന്ധിച്ച കാര്യങ്ങൾ അവലോകനം ചെയ്യുന്നതിനായി തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ സംസാരിക്കുകയാ യിരുന്നു തിരഞ്ഞെടുപ്പ് കമ്മീഷണർ. ഫോട്ടോ പതിച്ച വോട്ടർ പട്ടിക തയ്യാറാക്കൽ, പോളിംഗ് സ്റ്റേഷനുകളുടേയും, ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടേയും ക്രമീകരണം തുടങ്ങിയ വിഷയങ്ങൾ യോഗത്തിൽചർച്ച ചെയ്തു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി പി. ഗീത, അഡീഷണൽ സെക്രട്ടറി ഫ്രാൻസിസ് ഡിക്രൂസ് എന്നിവർ സംസാരിച്ചു.

(എസ്.ഇ.സി. 16/2015)